(ബി) പമ്പ ആക്ഷൻ പ്ലാൻ പോലെ കരമന നദിയുടെ സംരക്ഷണത്തിനായി ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഇത്തരത്തിൽ എന്തെങ്കിലും പദ്ധതി ആലോചനയിൽ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ഇപ്പോൾ പരിഗണനയിലില്ല.

കുഴൽ കിണറുകൾ

101 [1038] *ശ്രീ. കെ. സുധാകരൻ:*
,, *കെ. ബാബു:*
,, *എം. മുരളി:*
,, *പി. ജെ. ജോയി:*
,, *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ വാട്ടർ അതോറിറ്റിക്ക് എത്ര കുഴൽകിണറുകൾ ഉണ്ട്;

(ബി) ഇവയിൽ വെള്ളം കിട്ടാത്തവ എത്ര; ഇവയിൽനിന്ന് വെള്ളം കിട്ടാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവയെ പുനരുദ്ധരിച്ച് ഉപയോഗ പ്രദമാക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) 1787 കുഴൽകിണറുകൾ ഉണ്ട്.

(ബി) 255 കുഴൽ കിണറുകൾ. കൊല്ലം ആലപ്പുഴ ഡിവിഷനുകളിലെ ചില കുഴൽ കിണറുകളിൽ ഉപ്പുവെള്ളം കലരുന്നതും മറ്റു ചില ഡിവിഷനുകളിൽ ഭൂഗർഭ ജലത്തിൽ ഇരുമ്പിന്റെ അംശം കൂടുതലായി കാണപ്പെടുന്നതും ജലദൗർലഭ്യവും ഭൂഗർഭ ജലനിരപ്പ് താണുപോയതിനാലും, ചില കുഴൽകിണറുകൾ വറ്റിപ്പോയതിനാലും ചിലത് ഉപയോഗശൂന്യമായതിനാലുമാണ് ഇവയിൽ വെള്ളം കിട്ടാത്തത്. ഇവ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നത് പ്രായോഗികമല്ല. എന്നാൽ, പമ്പ് സെറ്റിന്റെ കാലപ്പഴക്കംമൂലം ഉപയോഗശൂന്യമായ കുഴൽ കിണറുകൾ പുനരുദ്ധരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly